# കേരളസർവകലാശാല

നം.പി.ആർ.223/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബി.എഡ്. പ്രവേശനം 2021
### ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാലയുടെ 2021 - 22 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബി.എഡ്. പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്വേർഡും ഉപയോഗിച്ച് ലോഗ് ഇൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ വെബ്സൈറ്റിൽ ലോഗ് ഇൻ ചെയ്ത് നിശ്ചിത സർവകലാശാല ഫീസ് (ഫീസ് വിശാദാംശങ്ങൾ വെബ്സൈറ്റിൽ) ഓൺലൈനായി ഒടുക്കി അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുത്ത് നവംബർ 3 ന് മുമ്പ് കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ നിന്ന് ലഭിക്കും. മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) കോളേജിൽ ഹാജരായി പെർമെനന്റ് അഡ്മിഷൻ എടുക്കേണ്ടതാണ്.

ഒന്നാം ഘട്ട അലോട്ട്മെന്റ് ലഭിച്ച് നവംബർ 3-ന് ഉള്ളിൽ അഡ്മിഷൻ എടുക്കാത്ത വിദ്യാർത്ഥികളെ അടുത്ത അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### പരീക്ഷാഫലം

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ പി.ജി. ഡിപ്ലോമ ഇൻ കൗൺസിലിംഗ് (ജറിയാട്രിക്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് നവംബർ 16 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ 2019 – 20 ബാച്ച് എം.ഫിൽ. ഫിലോസഫി, ഹിസ്റ്ററി, സുവോളജി എന്നീ വിഷയങ്ങളുടെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2020 സ്കീമിലെ 2020 അഡ്മിഷൻ വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ റെഗുലർ ബി.ടെക്. ഡിഗ്രി നവംബർ 2021 ന്റെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ നവംബർ 9 വരെയും 150 രൂപ പിഴയോടെ നവംബർ 11 വരെയും 400 രൂപ പിഴയോടെ നവം

ബർ 12 വരെയും ഓൺലൈനായി രജിസ്റ്റർ ചെയ്യാം. പരീക്ഷാ രജിസ്ട്രേഷൻ **slcm.keralauniversity.ac.in** എന്ന പുതിയ ലിങ്ക് വഴി നടത്തേണ്ടതാണ്.

## എസ്.സി., എസ്.ടി. സീറ്റ് ഒഴിവ്

കേരളസർവകലാശാല നാനോസയൻസ് പഠനവകുപ്പിൽ എം.എസ്‌സി. ഫിസിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ നാനോ സയൻസ് പ്രോഗ്രാമിന് 2021 – 23 ബാച്ച് അഡ്മിഷന് എസ്.ടി.സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നവംബർ 3 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാല ഫിലോസഫി പഠനവകുപ്പിൽ എം.എ.ഫിലോസഫി പ്രോഗ്രാമിന് 2021 – 23 ബാച്ച് അഡ്മിഷന് എസ്.സി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നവംബർ 3 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം,
01.11.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**